തൊഴിലുറപ്പ് പദ്ധതി

36 (3238) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പുപദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായവും മേൽനോട്ടവും നൽകുന്നതിൽ വിവിധ വകുപ്പുകൾ ശ്രദ്ധിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ എന്തെല്ലാം ന്യൂനതകളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്; അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന തൊഴിലുറപ്പ് നിധി രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന ഉദ്ദേശ്യങ്ങൾക്കായി ആയത് വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സി.എ.ജി. നൽകിയിട്ടുള്ള ശിപാർശകൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ന്യൂനതകളും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിക്കുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ദേശസാത്കൃത ബാങ്കിൽ (SBT) നിക്ഷേപിച്ച് ഫണ്ട് വിനിയോഗം മാനേജ് ചെയ്യുന്നതിനായി സംസ്ഥാന തൊഴിലുറപ്പ് ഫണ്ട് സൊസൈറ്റി രൂപീകരിച്ച് സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ഗ്രാമവികസന കമ്മീഷണർ മെമ്പർ സെക്രട്ടറിയുമായ സൊസൈറ്റിയാണ് പ്രവർത്തിക്കുന്നത്.

(ഡി) ഉണ്ട്. സി.എ.ജി.-യുടെ ശിപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/244/2020-14

LIBRARY ARCHIVES Kerala Legislative Assembly